2009, ഖുത്ബ നമ്പർ-52

25.12.2009
ബൈത്തുൽ ഫുതൂഹ്
ലണ്ടൻ

# അല്ലാഹുവിന്റെ നൂർ എന്ന സിഫത്ത്

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അ.ബി.അ) 25-12-2009 ന് ചെയ്ത ജുമുഅ ഖുത്വുബയുടെ സംഗ്രഹം

ഹുസൂർ തിരുമനസ്സ് സൂറത്തുൽ സുമറിലെ 23-ാം വചനം ഓതിക്കൊണ്ട് അല്ലാഹുവിന്റെ നൂർ എന്ന സിഫത്തിനെക്കുറിച്ച് ഖുത്വുബ ആരംഭിച്ചു. ആ വചനത്തിന്റെ തർജ്ജമ ഇപ്രകാരമാണ്. ഏതൊരാളുടെ ഹൃദയം അല്ലാഹു ഇസ്‌ലാമിനുവേണ്ടി തുറന്നു കൊടുക്കുകയും അങ്ങനെ അയാൾ തന്റെ നാഥനിൽ നിന്നുള്ള ഒരു പ്രകാശത്താൽ നയിക്കപ്പെടുകയും ചെയ്യുന്നുവോ അങ്ങനെയുള്ള ആൾ, അവിശ്വാസമാകുന്ന അന്ധകാരത്തിൽ തപ്പിത്തിരയുന്നവനെപ്പോലെയാണോ? അതിനാൽ, അല്ലാഹുവിന്റെ സ്മരണയിൽ നിന്ന് വിമുഖകരായ കഠിന ഹൃദയർക്ക് മഹാ നാശം അവർ സ്പഷ്ടമായ വഴികേടിലത്രെ (39:23)

സംശയലേശമന്യെ, അല്ലാഹുവാണ് മാർഗ്ഗദർശനത്തിലേക്ക് നയിക്കുന്നതും മാർഗ്ഗദർശനം നൽകുന്നതും. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു; ''നീ ഇഷ്ടപ്പെടുന്നവരെ നിനക്ക് നേർവഴിയിലാക്കുവാൻ സാധിക്കുകയില്ല. എന്നാൽ, അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ നേർവഴിയിലാക്കുന്നു. നേർമാർഗ്ഗം പ്രാപിക്കുന്നവരെ അവൻ നല്ലവണ്ണം അറിയുകയും ചെയ്യുന്നു''(28:57)

താൻ കൊണ്ടുവന്ന പ്രകാശവും താൻ പ്രബോധനം ചെയ്യുന്ന മാർഗ്ഗദർശനവും ലോകം സ്വീകരിക്കണമെന്നത് നബി(സ) തിരുമേനിയുടെ അദമ്യമായ ആഗ്രഹമായിരുന്നു. ഈ പ്രകാശത്തിന്റെ അംശം കൈക്കൊണ്ടുകൊണ്ട് ലോകർ തങ്ങളുടെ ഹൃദയങ്ങൾ പ്രകാശപൂരിതമാക്കുകയും ദൈവസാമീപ്യം കണ്ടെത്തുകയും വേണം. ഈ പ്രകാശത്തെ നിരാകരിച്ചാൽ ദൈവികശിക്ഷക്ക് കാരണമാകുമെന്ന് അറിഞ്ഞുകൊണ്ടുതന്നെയായിരുന്നു ആ തിരുമേനി (സ) ഇങ്ങനെ ആഗ്രഹിച്ചത്. ആ തിരുമേനിയുടെ ഹൃദയം മനുഷ്യകുലത്തോടുള്ള സ്നേഹത്താൽ നിർഭരമായിരുന്നു. ഈ മാർഗ്ഗദർശനം കൈക്കൊള്ളാതെ ഒരു വ്യക്തി പോലും ഈ ലോകത്ത് നിന്ന് യാത്രയാവുന്നത് ആ തിരുമേനിക്ക് അസഹ്യമായിരുന്നു. അതിനാൽ ഹൃദയംഗമമായ സഹാനുഭൂതിയോടെ ആ മഹാത്മാവ് രാത്രിയിൽ ഉണർന്നിരുന്ന് ദൈവാരാധനയിലും പ്രാർത്ഥനയിലും മുഴുകി. ജനങ്ങളോടുള്ള അഗാതമായ ഈ സഹാനുഭൂതി കാരണമായാണ് താഴെ പറയുന്ന വചനം ഇറങ്ങിയത്.

''അവർ വിശ്വാസികളാകാത്ത കാരണത്താൽ ദു:ഖം നിമിത്തം നീ നിന്റെ ജീവൻ നശിപ്പിച്ചേക്കാം''(26:4)

താനാണ് മാർഗ്ഗദർശനം നൽകുന്നതെന്നും മാർഗ്ഗദർശനം നൽകപ്പെടാൻ ആരാണ് യത്നിക്കുന്നതെന്നും അതിന്നായി ആരാണ് ആഗ്രഹിക്കുന്നതെന്ന് ഏറ്റവും നന്നായി അറിയുന്നത് താനാണെന്നും അല്ലാഹു പ്രഖ്യാപിക്കുന്നു. ആ വ്യക്തിക്കാണ് മാർഗ്ഗദർശനം നൽകപ്പെടുന്നത്, നബിതിരുമേനിക്ക് നൽകപ്പെട്ട പ്രകാശത്തിന്റെ ഒരംശം ആ വ്യക്തി സ്വീകരിക്കുകയും ചെയ്യുന്നു. അങ്ങനെയുള്ള ഹൃദയങ്ങൾ പ്രകാശിതമാവുന്നത് തുടർന്നു കൊണ്ടേയിരിക്കുന്നു. ആ ഹൃദയങ്ങളിൽ ദൈവസ്നേഹവും ദൈവസ്മരണയും നിറഞ്ഞിരിക്കുകയും ചെയ്യുന്നു. ദൈവതൃപ്തിക്കവകാശികളായ ജനങ്ങൾ ഇവരാണ്.

അങ്ങനെയുള്ള വിശ്വാസികളുടെ ഹൃദയങ്ങളിൽ ഇസ്‌ലാമിന്റെ സുന്ദരമായ അദ്ധ്യാപനം നിറഞ്ഞിരിക്കുന്നു. ദൈവസ്നേഹത്തിന്റെയും നബി (സ) തിരുമേനിയുടുള്ള സ്നേഹത്തിന്റെയും ഉന്നതമായ നിലവാരങ്ങൾ അവർ തേടുകയും ചെയ്യുന്നു. ഇതവരെ ഒരിക്കലും അവസാനിക്കാത്ത പാതകളിലേക്ക് നയിക്കുകയും അവരുടെ ജ്ഞാനവും ആത്മീയതയും വർദ്ധിക്കുകയും ചെയ്യുന്നു. ഈ ആളുകളെ പ്രകാശം വീഴുന്നിടത്തെല്ലാം ഭക്തരായ ആളുകൾ അത് ആഗിരണം ചെയ്യുന്നു. അല്ലാഹു വിശുദ്ധ ഖുർആനിൽ പ്രസ്താവിക്കുന്നു. ''അതിനാൽ, ആരെയെങ്കിലും നേർമാർഗ്ഗത്തിൽ വഴിനടത്താൻ അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിൽ അവന്റെ ഹൃദയം ഇസ്‌ലാം സ്വീകരിക്കുന്നതിനായി അവൻ വികസിപ്പിച്ചു കൊടുക്കുന്നതാണ്. അവനെ വഴിതെറ്റിക്കുന്നതിന് അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം അവന്റെ ഹൃദയം ഇടുങ്ങിയതും സങ്കുചിതവുമാക്കിത്തീർക്കുന്നു; അവൻ ഉയരത്തിലേക്ക് സാഹപ്പെട്ടു കയറിപ്പോകുന്നതുപോലെ. ഇപ്രകാരം വിശ്വസിക്കാത്തവരുടെ മേൽ അല്ലാഹു ശിക്ഷ ഇറക്കുന്നതാണ്.''(6:126) തന്റെ കരങ്ങൾകൊണ്ട് മാർഗ്ഗദർശനം നൽകിക്കൊണ്ടിരിക്കുകയെന്നതാണ് അല്ലാഹുവിന്റെ വഴി. സൂര്യപ്രകാശം പകൽ വെളിച്ചം കൊണ്ടുവരുന്നു എന്നാൽ, വാതിലുകളും ജനലുകളും അടച്ചിടുന്ന ഒരാൾക്ക് അത് ലഭിക്കുകയില്ല. തങ്ങളുടെ ഹൃദയങ്ങളുടെ വാതിലുകളും ജനലുകളും തുറന്നു വെച്ചവർക്കേ ആത്മീയ ലോകത്തെ പ്രകാശം എത്തുകയുള്ളൂ. ഒരു വ്യക്തിയുടെ പ്രവൃത്തിയാണ് ദൈവാനുഗ്രഹം ആഗിരണം ചെയ്യുന്നത്. അതിന്റെ ഫലമായി അവൻ/അവൾ മാർഗ്ഗദർശനം നേടുന്നു. ദൈവം അനീതി പ്രവർത്തിക്കുന്നില്ല. തന്നിലേക്ക് ഒരു ചുവടു വെക്കുന്ന ഒരാളിലേക്ക് അല്ലാഹു രണ്ടു ചുവടു വെക്കുന്നു. തന്നിലേക്ക് നടന്നു വരുന്ന ഒരാളിലേക്ക് അല്ലാഹു ഓടിച്ചെല്ലുന്നു. അതിനാൽ, ആരെയാണോ അല്ലാഹു മാർഗ്ഗദർശനത്തിലാക്കാൻ ഇച്ഛിക്കുന്നത് എന്നതിന്റെ

അർത്ഥം, സന്തോഷത്തോടെയും ഔത്സുക്യത്തെടെയും അവന്റെ തൃപ്തി നേടാൻ പരിശ്രമിക്കുകയും അതിനു വേണ്ടി അവന്റെ കൽപനകൾ സ്വീകരിക്കുന്നവനെക്കുറിച്ചുള്ള അറിവ് അവനുണ്ട് എന്നാണ്. അങ്ങനെയുള്ള വ്യക്തിയുടെ ഹൃദയം അല്ലാഹു തുറന്നുകൊടുക്കുന്നു. അങ്ങനെയുള്ള ആ വ്യക്തി, ഉൾക്കാഴ്ചയും യഥാർത്ഥ ഇസ്‌ലാമിനെക്കുറിച്ചുള്ള അറിവും നേടുന്നു. അവന്റെ/ അവളുടെ ആരാധന, വ്രതം, ഹജ്ജ്, ധാർമ്മിക ഗുണങ്ങൾ എന്നിവ അല്ലാഹുവിനു വേണ്ടിയുള്ളതാണ്, ഈ ലോകത്തിനു വേണ്ടിയുള്ളതല്ല.

ചില നിർഭാഗ്യവാന്മാരായ ആളുകൾ അല്ലാഹുവിന്റെ കൽപനകൾ വിസ്മരിക്കുകയും മതം അനാവശ്യമാണെന്ന് കരുതുകയും ചെയ്യുന്നു. മറ്റു ചിലർ തന്റെ സ്വന്തം മതത്തേയും ആചാരങ്ങളേയും അന്തിമമെന്നു കരുതുന്നു. അവർ ഇസ്‌ലാം സ്വീകരിക്കുന്നില്ല. അവരുടെ വൃത്തത്തിൽ അവർക്ക് സ്ഥാനമുണ്ടായിരിക്കാം എന്നാൽ, അല്ലാഹുവിന്റെ ദൃഷ്ടിയിൽ അവർ വിശ്വാസത്തിൽ ഉറച്ചവരല്ല. എന്തെന്നാൽ, നബി(സ) തിരുമേനിയുടെയും അവസാന ശരീഅത്തിന്റെ പ്രകാശത്തിന്റേയും ആഗമനത്തിനു ശേഷം ദൈവവചനമനുസരിച്ച്, തീർച്ചയായും അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമായ മതം ഇസ്‌ലാം ആകുന്നു(3:20). ഇസ്‌ലാം പരിപൂർണ്ണമായ അനുസരണം പഠിപ്പിക്കുന്നു. മനുഷ്യകുലത്തോടും ദൈവത്തോടുമുള്ള കടപ്പാടുകളെ മാനിക്കാനുള്ള വഴികൾ ഉറപ്പുവരുത്തുകയും ചെയ്യുന്നു. ആത്മീയ വികസനത്തിനുള്ള മാർഗ്ഗങ്ങൾ നമുക്ക് കാണിച്ചുതരുന്ന മറ്റൊരു മതവും ഇല്ല. അവനെ വഴി തെറ്റിക്കുന്നതിന് അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം അവന്റെ ഹൃദയത്തെ ഇടുങ്ങിയതും സങ്കുചിതവുമാക്കിത്തീർക്കുന്നു; എന്നതിന്റെ അർത്ഥം അല്ലാഹു ആരുടെയെങ്കിലും ഹൃദയം അടക്കുവാൻ ഇച്ഛിക്കുന്നു എന്നല്ല. അല്ലാഹു ആദമിനെ അയച്ചപ്പോൾ അദ്ദേഹത്തോട് കൽപിച്ചത് ഭക്തി കൈക്കൊള്ളുകയാണെങ്കിൽ പ്രകാശം കണ്ടെത്തും എന്നാണ്. എന്നാൽ പിശാചിലേക്ക് ചായുകയാണെങ്കിൽ ശിക്ഷക്ക് പാത്രമാവുകയും ചെയ്യും. അതിനാൽ, ഒരാളുടെ പ്രവൃത്തികളാണ് ഹൃദയം കൊട്ടിയടക്കപ്പെടാൻ കാരണമാവുന്നത്. ദൈവകൽപനകളെ ഭാരമായി കരുതുന്നവർ ദൈവാനുഗ്രഹങ്ങളുടെ കവാടം സ്വയം അടക്കുകയാണ്. വലിയ ഉയരത്തിലേക്ക് കയറുന്ന ഒരാളുടേതെന്ന പോലെ അവരുടെ ഹൃദയം കൂടുതൽ സങ്കുചിതമാകുന്നു. നേരെമറിച്ച്, അല്ലാഹു എത്രത്തോളം ദയകാണിക്കുന്നവനാണെന്നാൽ, ഭൂമിയിൽ കുഴപ്പവും അഴിമതിയുമുണ്ടാവുമ്പോഴെല്ലാം അതിനെ നേരെയാക്കാൻ അവൻ തന്റെ ദൂതൻമാരെ അയക്കുന്നു. ദൈവത്തിന്റെ ഈ പ്രവാചകന്മാർ കൊടിയ ശത്രുതക്കെതിരിൽ ഈ കൃത്യം സ്വയം നിർവ്വഹിക്കുന്നു. മനുഷ്യകുലത്തിന്റെ ക്ഷേമാകാംക്ഷിയായിരുന്ന നബി(സ)തിരുമേനിയുടെ ഇക്കാര്യത്തിലുള്ള അഗാധമായ ദു:ഖം കണ്ടുകൊണ്ടാണ് അല്ലാഹു ഇപ്രകാരം പ്രഖ്യാപിച്ചത്: ''അവർ വിശ്വാസികളാകാത്ത കാരണത്താൽ ദു:ഖം നിമിത്തം നീ നിന്റെ ജീവൻ നശിപ്പിച്ചേക്കാം''(26:4)

അറിഞ്ഞുകൊണ്ട് പാപത്തിൽ മുഴുകുകയും തെറ്റായ വഴി ഉപേക്ഷിക്കാൻ ആഗ്രഹിക്കാതിരിക്കുകയും ചെയ്യുന്നവർക്ക് ദൈവം നന്മയിലേക്കുള്ള വഴി കാണിക്കുന്നില്ല. ഇതാണ് വിശുദ്ധ ഖുർആനിലെ താക്കീതുകൾക്ക് കാരണം. ഇവ കഴിഞ്ഞുപോയ വെറും സംഭവങ്ങളല്ല. നബിതിരുമേനിയുടെ ആഗമനത്തിനുശേഷം ആരും വഴികേടിലാവില്ലെന്നും മുസ്‌ലിമെന്ന ലാബൽ പതിച്ചാൽ ആത്മീയമായ വികസനം സ്വാഭാവികമായും ഉണ്ടായിക്കൊള്ളും എന്ന അവസ്ഥയല്ലല്ലോ, ഇസ്‌ലാം സ്വീകരിച്ചതിനുശേഷം ചെയ്യപ്പെടുന്ന സൽക്കർമ്മങ്ങളുടേയും ആരാധനയുടേയും ഇസ്തിഗ്ഫാറിന്റേയും പ്രാധാന്യം വിശദീകരിക്കുന്ന നിരവധി കൽപനകൾ വിശുദ്ധ ഖുർആനിലുണ്ട്. അതിൽ പ്രസ്താവിക്കുന്നത്, യഥാർത്ഥമായ അനുസരണമില്ലെങ്കിൽ ഒരാൾക്ക് ദൈവികശിക്ഷയുണ്ടാവും എന്നാണ്. എന്നിരിക്കിലും, ഇസ്‌ലാം അന്തിമമായ ശരീഅത്തായതിനാലും ലോകം പ്രകാശം തേടേണ്ട അന്തിമ ഗോപുരമായതിനാലും നബി(സ) തിരുമേനിയുടോള്ള പരിപൂർണ്ണ അനുസരണവും സ്നേഹവും കാരണമായി അവസാന നാൾവരെ അല്ലാഹു ആളുകളെ അയച്ചുകൊണ്ടിരിക്കും. അവർ ജനങ്ങളെ സന്മാർഗ്ഗത്തിലേക്ക് നയിക്കും. ആഖിരീങ്ങളിൽ അവൻ ഖാത്തമുൽ ഖുലഫായെ (ഖലീഫമാരുടെ മുദ്ര) അയക്കും. അദ്ദേഹത്തിന് പ്രവാചകത്വ പദവി നൽകും. ഏതൊരു ഉദ്ദേശ്യത്തിന് വേണ്ടിയാണോ നബി(സ) തിരുമേനി അയക്കപ്പെട്ടത് ആ പ്രവൃത്തി അദ്ദേഹം ചെയ്യും. അതായത്, ദൈവത്തിന്റെ പ്രകാശം എല്ലായിടത്തും വ്യാപിക്കും. അല്ലാഹു ഇത് മുൻകൂട്ടി പറഞ്ഞു. ഹദീസ് അതിനെ സാക്ഷ്യപ്പെടുത്തി. നബി(സ)തിരുമേനിയുടെ യഥാർത്ഥ പ്രേമിയുടെ തീഷ്ണമായ ആഗ്രഹമായിരുന്നു ഈ ലോകത്ത്നിന്ന് ശിർക്കിനെ (ദൈവത്തിൽ പങ്കുചേർക്കലിനെ) വിപാടനം ചെയ്യുകയെന്നത്. വാഗ്ദത്ത മസീഹ് (അ) ആഗതനായ കാലത്ത് മുസ്‌ലിംകൾ വിനാശകരമായ അവസ്ഥയിലായിരുന്നു. ആയിരക്കണക്കിനു മുസ്‌ലിംകൾ ക്രിസ്തുമതത്തിൽ ചേർന്നിരുന്നു. തങ്ങൾ മാർഗ്ഗദർശനത്തിലാണെന്ന് മുസ്‌ലിംകൾ പറയുമെങ്കിലും ഇന്നത്തെ അവരുടെ അവസ്ഥയും അതുതന്നെയാണ്. നിരപരാധികളെ വധിക്കലും, സത്യസന്ധതയില്ലായ്മയും, കൈക്കൂലിയും, പൊതുജനങ്ങളുടെ അവകാശങ്ങൾ ബലം പ്രയോഗിച്ച് പിടിച്ചെടുക്കലും ഇസ്‌ലാമിന്റെ അദ്ധ്യാപനമാണോ? ഈ കാലഘട്ടത്തിന് ഒരു ദൈവദൂതൻ ആവശ്യമായിരുന്നു. അദ്ദേഹം ദൈവിക വാഗ്ദാനപ്രകാരം അയക്കപ്പെട്ട ആളാണ്. അദ്ദേഹത്തിന്റെ ഉൽകൃഷ്ടമായ ആഗ്രഹം ഇസ്‌ലാമിന്റെ അദ്ധ്യാപനത്തെ പുനരുജ്ജീവിപ്പിക്കലായിരുന്നു. ദൈവം തനിക്ക് നല്കിയ നൂർ (പ്രകാശം) മുഖേന ഹൃദയങ്ങളെ പ്രകാശിതമാക്കലും അദ്ദേഹത്തിന്റെ അഭിലാഷമായിരുന്നു. അദ്ദേഹം തന്റെ ദൗത്യം വികാരാവേശത്തോടെയും വേദനയോടെയും നിർവ്വഹിച്ചു. അല്ലാഹു തനിക്ക് വെളിപ്പെടുത്തിയത് കണ്ടുകൊ

ണ്ടായിരുന്നു അത്. അവർ വിശ്വസിക്കുന്നില്ലെന്ന ദു:ഖത്താൽ നീ നിന്നെത്തന്നെ നശിപ്പിച്ചുകളയുമോ? (തദ്കിറ, പേജ് 794) വിശുദ്ധ ഖുർആനിലെ 6:126 ലെ വിഷയം മുസ്‌ലിംകൾക്ക് പൊതുവിലും അഹ്മദികൾക്കും ദു:ഖത്തിന് കാരണമാണ്, അവർ മുസ്‌ലിംകളാണെന്ന് അവകാശപ്പെടുന്നെങ്കിൽ ഇസ്‌ലാം എന്നത് പരിപൂർണ്ണമായ സമർപ്പണത്തിന്റെ പേരാണെന്ന് അവർ ഓർത്തിരിക്കണം.

ചില ആളുകളും യഥാർത്ഥമായ ഹൃദയ പരിശുദ്ധിയും ദൈവസ്നേഹവും അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള സഹാനുഭൂതിയും ക്ഷമയും കാരുണ്യവും, നീതിയും വിനയവും മറ്റെല്ലാം പരിശുദ്ധമാ ധാർമ്മിക ഗുണങ്ങളും ഉൾക്കൊള്ളാത്തവരാണെന്നും തഖ്‌വയും പരിശുദ്ധിയും സത്യസന്ധതയുമാണ് മതത്തിന്റെ കഴമ്പെന്നും വാഗ്ദത്ത മസീഹ് (അ) പറയുകയുണ്ടായി. മതത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം സത്യദൈവത്തെ തിരിച്ചറിയലാണെന്നും മറ്റെല്ലാ സ്നേഹത്തെയും കരിച്ചുകളയുന്ന ദൈവസ്നേഹത്തിന്റെ പദവിയിൽ ചേരലാണെന്നും വാഗ്ദത്ത മസീഹ് (അ) പറയുകയുണ്ടായി. ദൈവമയച്ച പ്രകാശം നേടിക്കൊണ്ടാണ് ഈ പദവിയിൽ എത്തിച്ചേരുകയെന്ന് ഹുസൂർ പറഞ്ഞു. തന്നെക്കുറിച്ചുള്ള സ്മരണ വളരെ പ്രാധാന്യമർഹിക്കുന്നതും തന്റെ സാമീപ്യം കരസ്ഥമാക്കാനുള്ള ഏറ്റവും വലിയ ഉപാധിയുമാണെന്ന് അല്ലാഹു പ്രസ്താവിക്കുന്നു. അല്ലാഹുവിന്റെ സ്മരണ ബഹുമുഖമാണ്. വിശുദ്ധ ഖുർആനാണ് ഒരു മാർഗ്ഗം. അത് പ്രസ്താവിക്കുന്നു ''തീർച്ചയായും നാമാണ് ഈ സ്മരണിക ഇറക്കിയത് തീർച്ചയായും നാം തന്നെയായിരിക്കും അതിന്റെ രക്ഷാധികാരി'' (15:10). ഇത് വാഗ്ദത്ത മസീഹിന്റെ ആഗമനത്തെയാണ് സൂചിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ സ്വന്തം വാക്കുകളിൽ പറഞ്ഞാൽ, ''ഒരു വിഭാഗം ആളുകൾ ദൈവസ്മരണ മായ്ച്ചുകളയാൻ ശ്രമിക്കുന്ന ഒരു കാലത്തെക്കുറിച്ചാണ് അത്. തന്റെ ദൂതന്മാരിലൊരാൾ മുഖേന അല്ലാഹു അതിനെ (വിശുദ്ധ ഖുർആനെ) സംരക്ഷിക്കുമ്പോഴാണ്''. വാഗ്ദത്ത മസീഹ്(അ) ന്റെ കാലത്ത് ക്രിസ്തുമതം വമ്പിച്ച കടന്നുകയറ്റം നടത്തുമെന്നത് പൊതുവിൽ അറിയപ്പെട്ട കാര്യമാണെന്ന് ഹുസൂർ പറഞ്ഞു. ഇന്ത്യയിൽ ആയിരക്കണക്കിനാളുകൾ ക്രിസ്ത്യാനികളായി മാറിയിട്ടുണ്ട്. ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനത്തിന്റെ പ്രകാശം നിറച്ചുകൊണ്ട് ആ സമയത്ത് ഇസ്‌ലാമിന്റെ പ്രതിരോധത്തിനായി അല്ലാഹു മസീഹിനെ എഴുന്നേൽപ്പിച്ചു.

ഇന്ന് ഇസ്‌ലാമിന്നെതിരിൽ വിവിധ ജനതകൾക്കിടയിൽ ഒച്ചപ്പാട് ഉയർന്ന് വന്നിരിക്കുന്നു. സമീപകാലത്ത് സ്വിറ്റ്സർലന്റിൽ ഒരു രാഷ്ട്രീയ പാർട്ടി കോലാഹലം സൃഷ്ടിച്ചു. മിനാരം നിർമ്മിക്കുന്നതിനെതിരിൽ അവർ ഒരു റഫറണ്ടം പാസ്സാക്കുകയുണ്ടായി. റഫറണ്ടം പാസ്സായെങ്കിലും തദ്ദേശീയർ പൂർണ്ണമായും അതിൽ പങ്കെടുത്തിട്ടില്ലെന്നാണ് റിപ്പോർട്ടുകൾ കാണിക്കുന്നത്. സർക്കാരും ചില രാഷ്ട്രീയക്കാരും അതുസംബന്ധമായി ലജ്ജിതരായിരിക്കുന്നു. അങ്ങനെ ഒരു റഫറണ്ടം തന്നെ ഉണ്ടാവേണ്ടിയിരുന്നോ എന്ന കാര്യത്തിൽ ഇപ്പോൾ ഒരു സംവാദം നടക്കുകയാണ്. തങ്ങൾക്ക് ഇസ്‌ലാമുമായി ഒരു ബന്ധവുമില്ലെന്ന് ജമാഅത്തിന്റെ ശത്രുക്കൾ അവകാശപ്പെടുന്നത് ഒരു കാര്യമല്ല. ഈ കാലഘട്ടത്തിൽ വാഗ്ദത്ത മസീഹ് (അ) ആണ് ഇസ്‌ലാമിനെ പ്രതിരോധിച്ചതെന്നും ക്രിസ്ത്യാനികളിൽ നിന്നും മുസ്‌ലിംകളെ രക്ഷിച്ചതെന്നുമുള്ള കാര്യം അവർക്ക് അംഗീകരിക്കാതെ നിർവ്വാഹമില്ല. ഇക്കാര്യം ഇക്കാലത്തെ മതപണ്ഡിതൻമാർ പരസ്യമായി സമ്മതിച്ചിട്ടുണ്ട്. പക്ഷേ, പിന്നീട് ചില വ്യക്തി താൽപര്യങ്ങൾ കാരണം അവർ വാഗ്ദത്ത മസീഹ്(അ)നെ എതിർക്കാൻ തുടങ്ങി. എന്നിരിക്കിലും ക്രിസ്ത്യാനികളുമായി സംവാദം നടത്തി അവരെ പിന്തിരിപ്പിച്ചത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) ആണെന്ന് ഇന്നും പറയാൻ ചില എതിരാളികൾ നിർബന്ധിതരായിരിക്കയാണ്. അക്കാലത്തെ മുസ്‌ലിം പണ്ഡിതന്മാർക്ക് മിർസാ ഗുലാം അഹ്മദിനുണ്ടായിരുന്നത്ര വിശുദ്ധ ഖുർആൻ-ബൈബിൾ ജ്ഞാനം ഉണ്ടായിരുന്നില്ലെന്നും അവർ പറയുന്നു.ഡോക്ടർ ഇസ്റാറുൽ ഹഖ് ടി.വി.യിൽ പരസ്യമായി ഇക്കാര്യം സമ്മതിച്ചിട്ടുണ്ട്. അവർ സ്വീകരിച്ചാലും ഇല്ലെങ്കിലും വാഗ്ദത്ത മസീഹ്(അ)ന് ഉണ്ടായിരുന്ന ഖുർആനിക ജ്ഞാനവും ദൈവീക പിന്തുണയുമായിരുന്നു ഈ മഹത്തായ കൃത്യം നിർവ്വഹിക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയത്. വിശുദ്ധ ഖുർആനെ സംരക്ഷിക്കാൻ അല്ലാഹു അദ്ദേഹത്തെ എഴുന്നേൽപ്പിച്ചു എന്നതാണ് സത്യം. ഇത് ശത്രുവിനെ പിന്നോട്ടടിക്കാൻ നിർബന്ധിതനാക്കി. നബി(സ)തിരുമേനിയുടേയും വിശുദ്ധ ഖുർആന്റേയും പ്രകാശത്തിൽ നിന്ന് അദ്ദേഹം സ്വാംശീകരിച്ച പ്രകാശം കാരണമായിരുന്നു ഇത്. ഇക്കാലത്ത് അദ്ദേഹത്തിന്റെ ഖുർആനിക ജ്ഞാനം നിസ്തുലമാണ്.

വിശുദ്ധ ഖുർആനെ ഒരു സ്മരണികയെന്നു വിളിക്കുന്നത് മനുഷ്യന്റെ ആന്തരിക നിയമത്തിന്റെ ഒരു ഓർമ്മിപ്പിക്കലാണ് എന്നതുകൊണ്ടാണെന്ന് വാഗ്ദത്ത മസീഹ് (അ) പറയുകയുണ്ടായി. വിശുദ്ധ ഖുർആൻ ഒരു പുതിയ അദ്ധ്യാപനം കൊണ്ടുവന്നിട്ടില്ല. എന്നാൽ വ്യത്യസ്തമായ കഴിവുകളുടെ രൂപത്തിൽ മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന ആന്തരിക നിയമത്തെ അത് ഓർമ്മിപ്പിക്കുന്നു. അതിൽ ക്ഷമ, ത്യാഗം, ധൈര്യം, നിർബന്ധം, കാഠിന്യം, സംതൃപ്തി മുതലായവയെല്ലാമുണ്ട്. ചുരുക്കത്തിൽ മനുഷ്യനിൽ അന്തർലീനമായ പ്രകൃതി വിശുദ്ധ ഖുർആൻ ഓർമ്മിപ്പിക്കുന്നു.

വിശുദ്ധ ഖുർആൻ പാരായണം ചെയ്യേണ്ടത് വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണെന്ന് ഹുസൂർ പറഞ്ഞു. എന്തെന്നാൽ മനുഷ്യന്റെ ഭക്തിപൂർണ്ണമായ പ്രകൃതി ഖുർആന്റെ പ്രകാശത്താൽ കൂടുതൽ പ്രകാശിതമാവുന്നു. വിശുദ്ധ ഖുർആന്റെ അദ്ധ്യാപനം പ്രയോഗത്തിൽ വരുന്നില്ലെങ്കിൽ വെറും അതിന്റെ ജ്ഞാനം മാത്രം യാതൊരു പ്രയോജനവും ചെയ്യുകയില്ല. ജമാഅത്തിന്റെ പുറത്തുള്ള

ആളുകളിൽ വലിയ വലിയ പ്രാസംഗികന്മാരും വിശുദ്ധ ഖുർആൻ വ്യഖ്യാതാക്കളും ഉണ്ട്. എന്നാൽ കാലത്തിന്റെ ഇമാം പഠിപ്പിച്ചുതന്ന വഴികളിൽകൂടി അവർ വിശുദ്ധ ഖുർആനെക്കുറിച്ച് ചിന്തിക്കുന്നില്ലെങ്കിൽ അവരുടെ ജ്ഞാനം വെറും ബാഹ്യമാത്രമാണ്. വിശുദ്ധ ഖുർആന്റെ പ്രായോഗികാവസ്ഥ ദൈവത്തോടുള്ള കടപ്പാടുകളും മനുഷ്യരോടുള്ള കടപ്പാടുകളും മാനിക്കപ്പെടുമ്പോഴാണ് ഉണ്ടാവുന്നത്.

വിശുദ്ധ ഖുർആന്റെ കല്പനകൾ വായിക്കുകയും മനസ്സുകൊണ്ടും വാചികമായും അത് ഓർക്കുകയും ചെയ്യാൻ അതിന്റെ എല്ലാ കൽപനകളും പ്രയോഗത്തിൽ വരുത്തേണ്ടത് ആവശ്യമാണ്. എന്തെന്നാൽ വിശുദ്ധ ഖുർആനിൽ പറയപ്പെട്ടിരിക്കുന്നു; എന്റെ സ്മരണക്ക് വേണ്ടി നിസ്കാരമനുഷ്ഠിക്കുക (20:15) വിശുദ്ധ ഖുർആന്റെ ഏറ്റവും വലിയ കല്പനകളിലൊന്ന് നിസ്കാരമനുഷ്ഠിക്കലാണ്. നിസ്കാരത്തേക്കാൾ വലിയ ആരാധനയില്ലെന്ന് വാഗ്ദത്ത മസീഹ് (അ) പറയുന്നു. അത് ഒരാളുടെ യാതനകളും ദു:ഖവും അകറ്റുന്നു. വിഷമതകൾ പരിഹരിക്കുന്നു. അറിയുക, അല്ലാഹുവിന്റെ സ്മരണ കൊണ്ടു മാത്രമേ മനസ്സമാധാനം കൈവരികയുള്ളൂ(13:29)

ആളുകൾ പലപ്പോഴും തനിക്കെഴുതുകയും ചോദിക്കുകയും ചെയ്യുന്നു താൻ മറുപടി പറയുകയും ചെയ്യുന്നു. താനിപ്പോഴും പറയുന്നു നിസ്കാരമാണ് ഏറ്റവും വലിയ ആരാധന.

ഇസ്ലാമിന് ഹൃദയം തുറന്നു വെച്ചവർക്ക് ഒരു പ്രകാശമുണ്ടെന്നത് അവരുടെ ഒരടയാളമാണ്. അവർ ദൈവത്തെ സ്മരിക്കുന്നു, അവനെ ആരാധിക്കുന്നു, അവന്റെ കൽപനകൾ അനുസരിക്കുന്നു. ഇതില്ലാഞ്ഞാൽ ക്രമേണ ഹൃദയങ്ങൾ കടുത്തു പോകുന്നു. ഇസ്ലാം സ്വീകരിക്കാത്ത ആളുകളുടെ ഹൃദയങ്ങൾ കടുത്തുപോവാനുള്ള കാരണം ഇതുതന്നെയാണ്. ദൈവത്തെ ഓർക്കുന്നതോടൊപ്പം ദൈവാരാധന നടത്തുകയും ചെയ്യേണ്ടത് ഒരു വിശ്വാസിയുടെ ബാധ്യതയാണ്. നമ്മുടെ നിസ്കാരം ദൈവസംതൃപ്തിക്കുവേണ്ടിയാവട്ടെ. നമ്മുടെ നിസ്കാരാനുഷ്ഠാനം പതിവായുണ്ടാകട്ടെ. അതുമുഖേന ലോകത്ത് ദൈവസ്മരണ നിറയുമാറാകട്ടെ. വഴികേടിലാവുന്നതിൽനിന്ന് നമ്മേയും നമ്മുടെ തലമുറയേയും ദൈവം രക്ഷിക്കുമാറാകട്ടെ. നാം യഥാർത്ഥ പ്രകാശത്തിന്റെ അവകാശികളായി തീരുമാറാകട്ടെ.

നാളെ ഇൻശാ അല്ലാഹ്, ഖാദിയാൻ ജൽസ ആരംഭിക്കുമെന്ന് ഹുസൂർ പ്രഖ്യാപിച്ചു. ജൽസയിൽ സംബന്ധിക്കുന്നവർക്ക് ജൽസക്കിടയിലും പുറത്തുപോകുമ്പോഴും ദൈവത്തെ സ്മരിക്കാനും നിസ്കാരമനുഷ്ഠിക്കാനും തൗഫീഖുണ്ടാകുവാൻ പ്രാർത്ഥിക്കുവാൻ ഹുസൂർ പറഞ്ഞു. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ വർഷിക്കുംവിധം വാഗ്ദത്ത മസീഹിന്റെ പട്ടണം അവർ പ്രാർത്ഥനകൾകൊണ്ട് നിറക്കണം. ഖാദിയാന്റെ അന്തരീക്ഷം ഹംദ്(ദൈവസ്തുതി)കൊണ്ടും ദുറൂദ് (നബി (സ) മേൽ അനുഗ്രഹം വർഷിക്കാൻ സ്വല്ലാത്ത് ചൊല്ലൽ) കൊണ്ടും നിറയട്ടെ. ജൽസയിൽ പങ്കെടുക്കുന്ന ഓരോ വ്യക്തിയും യഥാർത്ഥ പ്രകാശം സ്വാംശീകരിക്കുമാറാകട്ടെ. ജൽസ എല്ലാവിധത്തിലും അനുഗ്രഹീതമാവാനും അതിൽ പങ്കെടുക്കുന്ന ഓരോ വ്യക്തിയും അല്ലാഹുവിന്റെ സംരക്ഷണത്തിലും അഭയത്തിലും ആവാനും തിന്മയിൽ നിന്ന് സുരക്ഷിതരാവാനും ലോകത്തെങ്ങുമുള്ള അഹ്മദികൾ പ്രാർത്ഥിക്കണം.

## അഹ്മദിയ്യാ വെബ്സൈറ്റിൽ നിന്ന്

വിവർത്തനം:-കെ.വി.ഹസ്സൻകോയ സാഹിബ്,
കോഴിക്കോട്.